# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2697 — 19.12.2012-ൽ മറുപടിക്ക്.

## നഴ്സിംഗ് മേഖലയിലെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നഴ്സിംഗ് മേഖലയിൽ സേവന വേതന വ്യവസ്ഥകൾക്കായി നഴ്സുമാർ നടത്തുന്ന സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ സമരം അവസാനിപ്പിക്കുന്നതിന് ഏതെല്ലാം തലങ്ങളിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) സംസ്ഥാനത്തെ നഴ്സിംഗ് മേഖലയിൽ സേവന വേതന വ്യവസ്ഥകൾക്കായി നഴ്സുമാർ നടത്തുന്ന സമരം സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികളിൽ, ഓരോ ജില്ലകളിലും അതാത് ജില്ലാ ലേബർ ഓഫീസർമാർ ഇടപെടുകയും ഒത്തുതീർപ്പാക്കുകയും ചെയ്യുന്നുണ്ട്. ജില്ലാ ലേബർ ഓഫീസ് തലത്തിൽ തീരുമാനമാകാത്തവ റീജിയണൽ ജോയിൻറ് ലേബർ കമ്മീഷണർ തലത്തിലും ലേബർ കമ്മീഷണർ തലത്തിലുമുള്ള അനുരഞ്ജന ചർച്ചകളിലൂടെ ഒത്തുതീർപ്പിലെത്തിയിട്ടുണ്ട്. ലേബർ കമ്മീഷണർ തലത്തിൽ ഒത്തുതീർപ്പാകാത്ത വിഷയങ്ങൾ സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തുകയും സർക്കാർ തലത്തിൽ മദ്ധ്യസ്ഥ ശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) നഴ്സിംഗ് മേഖലയെക്കുറിച്ച് പഠിച്ച ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് എന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ; | (സി) ബലരാമൻ കമ്മിറ്റി റിപ്പോർട്ട് ആരോഗ്യവകുപ്പിലാണ് ലഭിച്ചിട്ടുള്ളത്. |

| | |
|---|---|
| (ഡി) ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;<br>(ഇ) ഉണ്ടെങ്കിൽ ഇതിലെ ഏതെല്ലാം നിർദ്ദേശങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (ഡി) യും (ഇ) യും ആരോഗ്യവകുപ്പ് ഈ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ.